**H** | शिक्षा का अधिकार | **506**

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# വാർഷിക മൂല്യനിർണയം 2014 –15

## അടിസ്ഥാന ശാസ്ത്രം

ക്ലാസ്സ് : V | സമയം : 2 മണിക്കൂർ

---

പ്രവർത്തനം –1

1) കൃത്രിമ ഉപഗ്രഹങ്ങളുടെ നേട്ടങ്ങൾ സംബന്ധിച്ച പദസൂര്യൻ ചുവടെ കൊടുത്തിരിക്കുന്നു. വിട്ടുപോയ ഭാഗം ഉചിതമായി പൂരിപ്പിക്കുക.




(3)

b) മംഗൾയാൻ ഏതു ഗ്രഹവുമായി ബന്ധപ്പെട്ട പഠനത്തിനാണ് വിക്ഷേപിച്ചത്? (1)

c) ചാന്ദ്രപര്യവേഷണപദ്ധതിയായ ചാന്ദ്രയാന്റെ പ്രധാന കണ്ടെത്തൽ എന്ത്? (1)

പ്രവർത്തനം : 2



a) ചിത്രം നിരീക്ഷിച്ച് നമ്മുടെ കണ്ണുകളിൽ വസ്തുക്കളുടെ പ്രതിബിംബം ഉണ്ടാകുന്നതെങ്ങനെയെന്ന് എഴുതുക? (1)

b) കാഴ്ച സാധ്യമാക്കുന്നതിൽ തലച്ചോറിന്റെ പ്രാധാന്യം ? (2)

നേത്രദാനം ചെയ്യുമ്പോൾ പ്രധാനമായും ഏത് ഭാഗമാണ് മാറ്റി വയ്ക്കുന്നത്? (1)

പ്രവർത്തനം - 3

> രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ
> നല്ലത് വരാതെ സൂക്ഷിക്കുന്നതാണ്.

a) രോഗം വരാതിരിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാം? (2)

b) ആരോഗ്യസംരക്ഷണത്തിൽ വ്യക്തി ശുചിത്വം ഒരു പ്രധാന ഘടകമാണ്. ഇതുമായി ബന്ധപ്പെട്ട് അനുവർത്തിക്കേണ്ട ശീലങ്ങൾ എന്തെല്ലാം? (2)

c) രോഗങ്ങളെ പ്രതിരോധിക്കാൻ ശരീരത്തിന് കൃത്രിമമായി കഴിവ് നേടിക്കൊടുക്കുന്ന രീതിക്ക് പറയുന്ന പേരെന്ത്? (1)

പ്രവർത്തനം - 4




a) വിട്ടുപോയ ആകാശഗോളങ്ങളുടെ പേരുകൾ രേഖപ്പെടുത്തുക.

ചിത്രം A 1)____________

ചിത്രം B 2)____________

ചിത്രം C 3) ചന്ദ്രൻ

(2)

b) ചന്ദ്രന്റെ സ്ഥാനം മധ്യത്തിൽ വന്നാൽ ഏത് ഗ്രഹണമായിരിക്കും സംഭവിക്കുക ? (1)

c) ഏതു ഗ്രഹണവുമായി ബന്ധപ്പെട്ട ചിത്രമാണ് മുകളിൽ തന്നിരിക്കുന്നത് ? (2)

പ്രവർത്തനം - 5

> മലപ്പുറം : ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായി വനംവകുപ്പിന്റെ കീഴിൽ മലപ്പുറം ജില്ലയിൽ വള്ളിക്കുന്നിലെ മുതിയം കടൽത്തീരത്ത് കടലാമകളെ സംരക്ഷിച്ചുവരുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന പത്രവാർത്ത വായിച്ചല്ലോ,

a) ജൈവവൈവിധ്യം നശിപ്പിക്കാൻ ഇടയാക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? (2)

b) പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതുകൊണ്ടുള്ള ദൂഷ്യഫലങ്ങൾ എന്തെല്ലാം? (2)

c) വംശനാശഭീഷണി നേരിടുന്ന ഒരു ഉഭയജീവി (1)

പ്രവർത്തനം -6

സ്കൂൾ ഹെൽത്ത്ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പകർച്ചവ്യാധികളെക്കുറിച്ച് ഒരു ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. ക്ലാസ്സിൽ പരാമർശിക്കപ്പെട്ട രോഗങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

| | | | |
|---|---|---|---|
| കോളറ | മന്ത് | ജലദോഷം, | ചെങ്കണ്ണ് |
| ചിക്കൻപോക്സ് | മഞ്ഞപ്പിത്തം | ക്ഷയം | ചിക്കുൻഗുനിയ |
| മലമ്പനി | കുഷ്ഠം | | |

a) പട്ടികയിൽ തന്നിരിക്കുന്ന രോഗങ്ങളെ പകരുന്ന രീതിയുടെ അടിസ്ഥാനത്തിൽ വർഗീകരിക്കുക. (2)

b) പല രോഗങ്ങൾക്കും കാരണം സൂക്ഷ്മജീവികളാണ്. സൂക്ഷ്മജീവികളെക്കൊണ്ടുള്ള പ്രയോജനങ്ങൾ എഴുതുക. (2)

c) കപ്പലുകളിലെ എണ്ണച്ചോർച്ച മൂലം കടൽ മലിനമാകുന്നു. ഇതുതടയാൻ എണ്ണ ഭക്ഷിക്കുന്ന ബാക്ടീരിയകളെ ഉപയോഗിക്കുന്നു. ഈ ബാക്ടീരിയയുടെ പേരെന്ത്? (1)